GREGORIAN
PARISH BULLETIN

ഡിസംബർ 2024





# മരുഭൂമിയിലെ പരുമല

ST. GREGORIOS ORTHODOX CHURCH
SHARJAH

ESTD : 1979 Vol 12/2024

DECEMBER 2024 / Pages 12

# ദൈവവചനത്താൽ നമ്മുടെ നടപ്പുകളെ നിർമ്മലതയിൽ സൂക്ഷിക്കാം

**ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രപ്പോലീത്ത**
(പ്രസിഡണ്ട്, ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം)

ഒരു പുതിയ ആരാധനാവർഷത്തിലേക്കു (കൂദോശ് ഈത്തോ) നാം പ്രവേശിച്ചിരിക്കുകയാണല്ലോ. കഴിഞ്ഞ ഒരു വർഷം അനേകർ ഈ ഭൂമുഖത്തുനിന്ന് മാറ്റപ്പെട്ടപ്പോൾ നമ്മെ അനുദിനം പോറ്റിപുലർത്തിയ നാഥന്റെ സന്നിധിയിൽ സ്തുതിയും സ്തോത്രവും സമർപ്പിപ്പാൻ ഈ നവ വർഷാരംഭത്തിൽ നമുക്ക് സാധിക്കണം. വർഷാവസാനങ്ങൾ മാത്രമല്ല ഓരോ ദിനങ്ങളും ഒരു തിരിഞ്ഞുനോക്കലിന്റെ അനുഭവമാകണം. ക്രിസ്തീയ പശ്ചാത്തലത്തിൽ 'തിരിഞ്ഞുനോക്കലുകൾക്ക് സുപ്രധാനമായ സ്ഥാനമുണ്ട്.' സുബോധത്തിന്റെ അനുഭവത്തിലേക്ക് നാം എത്തിച്ചേരുന്നത് പലപ്പോഴും തിരിഞ്ഞുനോക്കലുകളുടെ അനുഭവത്തിൽകൂടിയാണ്. കഴിഞ്ഞ നാളുകളിൽ ലഭ്യമായ അനുഗ്രഹങ്ങൾ ഓർക്കുന്നതിനൊപ്പം ബലഹീനരായ നമുക്ക് സംഭവിച്ചുപോയതായ പിഴവുകളുടെ ഒരു കണക്കെടുപ്പും അനിവാര്യമാണ്. വാക്കുകൊണ്ടോ നോട്ടംകൊണ്ടോ, പ്രവൃത്തികൊണ്ടോ നമ്മിൽ നിന്ന് വന്നുപോയ വീഴ്ചകളെക്കുറിച്ച് കൃത്യമായ അവ ബോധമുള്ളവരായിരിപ്പാൻ നമുക്കു ബാധ്യതയുണ്ട്. കഴിഞ്ഞനാളുകളിൽ വന്നുപോയ ഈ വീഴ്ചകളിൽ നിന്ന് പാഠം ഉൾക്കൊണ്ട് സത്യമായ അനുതാപത്തിന്റെ കണ്ണുനീർ വഴിയായി അവകളെ കഴുകിക്കളഞ്ഞ് നമ്മെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായ ഫലം കായ്ക്കുന്നവാരായിത്തീരുവാൻ നമുക്ക് ഈ പുതു വർഷത്തിൽ സാധ്യമാകണം. നമ്മുടെ വ്യർത്ഥമായ ഇഷ്ടാനിഷ്ടങ്ങൾക്ക് അപ്പുറമായി ദൈവഹിതം എന്തെന്ന് കേൾക്കുവാനും തിരിച്ചറിയുവാനും സാധ്യമായി അപ്രകാരം നമ്മുടെ ജീവിതത്തെ ക്രമീകരിപ്പാൻ സാധ്യമാകുമ്പോൾ മാത്രമെ ഒരു പുതുവർഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ആ നവീനത നമുക്ക് അനുഭവവേദ്യമാകുവാൻ ഇടയാകുകയുള്ളു. ആത്മാവിൽ നവീനതയുള്ളവരായി ഈ വർഷത്തിൽ നമുക്ക് ജീവിക്കാം.

ലോകത്തിന്റെ ഭ്രമങ്ങളിൽ അഭിരമിച്ചുപോകാതെ പരിശുദ്ധ സഭയ്ക്കും സമൂഹത്തിനും പുതിയ ദിശാ ബോധം നൽകുവാൻ കടപ്പെട്ടവരാണ് യുവജനങ്ങൾ, യുവത്വത്തിന്റെ സാധ്യതകൾ അനന്തമാണ്. അനന്തമായ സാധ്യതകളെ ക്രിയാത്മകമായി ഉപയോഗിച്ച് സഭയുടെയും സമൂഹത്തിന്റെയും കെട്ടുപണിക്ക് ഭാഗധേയം വഹിക്കേണ്ടവരാണ് യുവജനത. ലോകത്തെ ജയിച്ച് കർത്താവിൽ എപ്പോഴും സന്തോഷവാന്മാരായിരിക്കേണ്ടത് അനിവാര്യതയാണ്. യൗവനകാലത്ത് നമ്മുടെ സ്രഷ്ടാവിനെ സ്തുതിക്കേണ്ടതും സ്മരിക്കേണ്ടതും ബാധ്യതയാണ്. ജീവിതത്തിൽ കൗമാര കാലഘട്ടത്തിൽ നിന്നും യൗവന കാലഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോൾ അനവധിയായി പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടതായി വരും. ദൈവാശ്രയത്തോടെയുള്ള കാഴ്ചപ്പാടുകളും നിലപാടുകളും നമ്മെ ഭരിക്കേണ്ടത് അപ്പോഴാണ്. നമ്മുടെ വിശ്വാസബോധ്യങ്ങൾ ദൃഢമായിരിക്കണം. പ്രഥമ സഹദായായമാർ സ്തേഫാനോസും, മാർ ബഹനാൻ സഹദായും മാർ ഗീവർഗീസ് സഹദായുമെല്ലാം അനവധിയായ പ്രലോഭനങ്ങളുടെയും തീക്ഷ്ണമായ പ്രതിസന്ധികളുടെയും മദ്ധ്യേയും അടിയുറച്ച നിലപാടുകൾക്ക് ഉടമകളായി വിശ്വാസധീരന്മാരായിത്തീർന്നവരാണ്. ഈ ശ്രേഷ്ഠ സഹദാമാർ തങ്ങളുടെ യുവത്വത്തിലും ആഴമായ ദൈവാശ്രയബോധ്യമുള്ളവരായി കാണപ്പെട്ടതുപോലെ, 'കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരനർത്ഥവും ഭയപ്പെടുകയില്ല. നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ' എന്ന് സങ്കീർത്തനക്കാരനായ ദാവീദ് രാജാവ് കീർത്തിച്ചതുപോലെ നമ്മുടെ പ്രയാസങ്ങളുടെയും പ്രതികൂലതകളുടെയും മധ്യേ വീണുപോകാതെ വിശ്വാസധീരരായി കാണപ്പെടുവാൻ നമുക്ക് സാധിക്കണം.



(ശേഷം 7-ാം പേജിൽ)

# ഗ്രീഗോറിയൻ
ഡിസംബർ – 2024

വൃശ്ചികം – ധനു –: 1200

ഷാർജ സെൻ്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവകയുടെ
ഔദ്യോഗിക മുഖപത്രം

ഗ്രീഗോറിയൻ
(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)
ലക്കം : 12/2024

MY LORD AND MY GOD

വെരി.റവ.ഡോ.അഡ്വ.ഷാജി ജോർജ്ജ്
കോറെപ്പിസ്കോപ്പ
(വികാരി)

റവ. ഫാ. ജിജോ തോമസ് പുതുപ്പള്ളി
(സഹ. വികാരി)

ശ്രീ. തോമസ് തരകൻ എം.ഒ.
(ഇടവക ട്രസ്റ്റി)

ശ്രീ. ബിനു മാത്യു
(ഇടവക സെക്രട്ടറി)

ശ്രീ. ജോബിൻ വർഗ്ഗീസ്
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)

ശ്രീ. ജോജി റ്റി. മാത്യു
(ഇടവക പ്രതിനിധി)

പ്രസാധകർ
ഷാർജ സെയ്ന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവക
(ഇടവക അംഗങ്ങൾക്ക് മാത്രം)

EMAIL
ഗ്രീഗോറിയനിലേക്കുള്ള
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
അയയ്ക്കേണ്ട വിലാസം
*Email : gulfparumala@gmail.com*


## VICAR'S MESSAGE



*Greetings to All.*

Dearly beloved,

Greetings to you. At the outset let me thank God for all the blessings and submit ourselves at thy feet. As we are saying good bye to 2024, I would like to discuss about the birth of Christ and the related events. The birth of Christ is clearly mentioned in the book of St. Mathew in detail, specially the geneology. Mathew's design is to present Jesus as the king of the Jews, the long awaited Messiah. Through a carefully selected series of Old Testament quotations, Mathew documents Jesus Christ's claim to be Messiah. His genealogy, baptism, messages and miracles all point to the inescapable conclusion: Christ is the king. Even in His death, seeming defeat is turned to victory by the Ressurection, and the message again echoes forth: the king of Jews lives.

About the author of this gospel, the early church uniformly attributed this gospel to St. Mathew, and no tradition to the contrary ever emerged. This book was known early and accepted quickly. In his ecclesiastical history (A D 323), Eusebius quoted a statement by Papias (c A D 140) that Mathew wrote "logia"(sayings) in Aramaic. No Aramaic gospel of Mathew has been found and it is evident that Mathew is not a Greek translation of an Aramaic original. Some believe that Mathew wrote an abbreviated version of Jesus' sayings in Aramaic before writing his gospel in Greek for a larger circle of readers.

Mathew, son of Alpheus (Mark 2:14), occupied the unpopular post of tax collector in Capernaum for the Roman Government. As a publican he was no doubt disliked by his Jewish countrymen. When Jesus called him to the discipleship (Mt. 9: 9-13, Mark 2:14, Luke 5: 27-28), his quick response probably meant that he had already been stirred by Jesus' public preaching. He gave a grant reception to Jesus in his house so that his associates could meet Jesus. He was chosen as one of the twelve Apostles, and the last appearance of his name in the Bible is in Acts !:13. Mathews life from that point on is veiled in tradition. Regarding the study of Gospel of St. Mathew and other details will be discussed in the next bulletins.

This month, when we celebrate Christmas, let Christ is be born in your hearts. Let us pray for that. By wishing you a blessed New Year – 2025.

With Prayers

Very Rev. Cor Episcopos Shaji George.

പൗരസ്ത്യ കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്ത

# പരി. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ തിരുമേനിക്ക്

മരുഭൂമിയിലെ പരുമലയിലേക്ക്

# സ്വാഗതം



# ഡിസംബർ മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ

ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

ഡിസംബർ 3



തോമ്മാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ (പത്തനാപുരം താബോർ ദയറാ).

ഡിസംബർ 8



മാർ ബസേലിയോസ് ഔഗേൻ ബാവാ (ദേവലോകം കാതോലിക്കേറ്റ് അരമന).

ഡിസംബർ 9



മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ (വളയംചിറങ്ങര പള്ളി)

ഡിസംബർ 13



ദാനിയേൽ മാർ ഫിലക്സീനോസ് മെത്രാപ്പോലീത്താ (പത്തനംതിട്ട ബേസിൽ അരമന)

ഡിസംബർ 17



മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ (വാകത്താനം വള്ളിക്കാട്ടു ദയറാ)

ഡിസംബർ 26



യാക്കോബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ (കൊരട്ടി സീയോൻ സെമിനാരി)

## കോനൂൻക്ദീം – ഡിസംബർ

1. **ഏലിശുബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായറാഴ്ച.** (വനിതാദിനം). ഇരുപത്തഞ്ച് നോമ്പ് (യൽദോ നോമ്പ്) ആരംഭം.
3. തോമ്മാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ 52-ാം ഓർമ്മ. (പത്തനാപുരം താബോർ ദയറാ).
4. സഹദാ സ്ത്രീകളായ മർത്ത് ബർബാറായുടെയും, മർത്ത് യൂലിയാനായുടെയും ഓർമ്മ.
6. മൂറായുടെ എപ്പിസ്കോപ്പാ ആയ നിക്കലാവോസ് എന്ന മാർ സോഖേയുടെ ഓർമ്മ.
8. **മാർ യൂഹാനോൻ മാംദാനായുടെ ജനനത്തിന്റെ ഞായറാഴ്ച** – ബാലദിനം. മദ്ധ്യസ്ഥ പ്രാർത്ഥനാ ദിനം. പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ 49-ാം ഓർമ്മ. (ദേവലോകം കാതോലിക്കേറ്റ് അരമന).
9. മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ 12-ാം ഓർമ്മ. (വളയംചിറങ്ങര സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളി).
10. മാർ ബഹനാം സഹദായുടെയും, സഹോദരി സാറായുടെയും, സഹസഹദേൻമാരുടെയും, മാബൂഗിലെ മാർ ഫീലക്സീനോസിന്റെയും ഓർമ്മ.
13. ദാനിയേൽ മാർ ഫീലക്സീനോസ് മെത്രാപ്പോലീത്തായുടെ 34-ാം ഓർമ്മ. (പത്തനംതിട്ട ബേസിൽ അരമന).
15. **മാർ യൗസേഫിനുണ്ടായ വെളിപാടിന്റെ ഞായറാഴ്ച.**
17. പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 96-ാം ഓർമ്മ. (വാകത്താനം വള്ളിക്കാട്ടു ദയറാ).
18. വി. മാർത്തോമ്മാ ശ്ലീഹാ കുന്തമേറ്റതിന്റെ ഓർമ്മ.
20. മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ ഓർമ്മ.
21. വി. മാർ തോമ്മാ ശ്ലീഹാ രക്തസാക്ഷിമരണം പ്രാപിച്ചതിന്റെ ഓർമ്മ.
22. **ജനനപ്പെരുന്നാളിന് മുമ്പുള്ള ഞായറാഴ്ച.** (നിറം 8) (വംശാവലി ഞായറാഴ്ച).
25. യൽദോ പെരുന്നാൾ. (കർത്താവിന്റെ ജനനപ്പെരുന്നാൾ) – ക്രിസ്തുമസ്. ഇരുപത്തഞ്ച് നോമ്പ് (യൽദോ നോമ്പ്) വീടൽ.
26. X വി. ദൈവമാതാവിന്റ പുകഴ്ച പെരുന്നാൾ.

    യാക്കോബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ 38-ാം ഓർമ്മ. (കൊരട്ടി സീയോൻ സെമിനാരി).
27. ശിശുവധ പെരുന്നാൾ. (ശിശുസഹദേന്മാരുടെ ഓർമ്മ).
29. **ജനനപ്പെരുന്നാളിന് ശേഷം ഒന്നാം ഞായറാഴ്ച.**

## അറിയിപ്പ്

ഇടവകയുടെ നിയമാനുസൃത പൊതുയോഗം ഡിസംബർ 15 ന് വി കുർബ്ബാനയ്ക്ക് ശേഷം കൂടുന്നതാണ്

## ഡിസംബർ മാസം – ഒറ്റനോട്ടത്തിൽ

1. വി.കുർബാന(രാവിലെയും, വൈകിട്ടും)
2. മാർത്തോമൻ പൈതൃക സമ്മേളനവും, OCYM യു.എ.ഇ സോണൽ കോൺഫറൻസും
4. ഉപവാസപ്രാർത്ഥന
6. വി.കുർബ്ബാന
7. വി.കുർബ്ബാന
8. വി.കുർബ്ബാന(രാവിലെയും, വൈകിട്ടും)
11. ഉപവാസ പ്രാർത്ഥന
13. വി.കുർബ്ബാന
14. വി.കുർബ്ബാന
15. വി.കുർബ്ബാന
18. ഉപവാസ പ്രാർത്ഥന
20. വി.കുർബ്ബാന
21. വി.കുർബ്ബാന
22. വി.കുർബ്ബാന(രാവിലെയും, വൈകിട്ടും)
24. ക്രിസ്തുമസ് ശുശ്രൂഷകൾ
25. ക്രിസ്തുമസ്
27. വി.കുർബ്ബാന
28. വി.കുർബ്ബാന
29. വി.കുർബ്ബാന, ഇടവക ദിനാഘോഷം, നക്ഷത്രരാവ്
31. പുതു വർഷ ശുശ്രൂഷകൾ

## WORSHIP TIMING

| | | |
|---|---|---|
| Sunday | 6:15 am | Night Prayer , 7.00 am - Morning Prayer |
| | 8:00 am | Holy Qurbana |
| Sunday | 6:15 pm | Evening Prayer |
| Evening | 7:00 pm | Holy Qurbana |
| Tuesday | 7:30 pm | Evening Prayer & Madhyastha Prarthana (St. Mary) |
| Thursday | 7:30 pm | Evening Prayer & Madhyastha Prarthana (St. Gregorios) |
| Friday | 6:45 pm | Evening Prayer |
| | 7:30 pm | Holy Qurbana |
| Saturday | 4:30 am | Night Prayer, 5.15 am - Morning Prayer |
| | 5:45 am | Holy Qurbana |
| Other | 5.30 am | Night Prayer, Morning Prayer |
| Days | 7.00 pm | Evening Prayer |



# താബോറിലുണ്ടായ തേജസ്കരണം

## ഇയ്യോബ് മാർ പീലക്സീനോസ്



ജിജോ പുതുപ്പള്ളി അച്ചൻ

കർമ്മധീരതയോടെ സഭയുടെ ആധ്യാത്മിക പുരോഗതിക്കുവേണ്ടി അക്ഷീണം യത്നിച്ച ഭാഗ്യസ്മരണാർഹനായ ഇയ്യോബ് മാർ പീലക്സീനോസ് തിരുമേനിയെ കുറിച്ചുള്ള ഓർമ്മകൾ തിരമാലകൾ പോലെ ഹൃദയത്തിൽ ഇളകിമറിയുകയാണ്. ദീർഘനാൾ അദ്ദേഹവുമായുള്ള സംസർഗ്ഗത്തിലൂടെ കേൾക്കുവാനും മനസ്സിലാക്കുവാനും ഇടയായിട്ടുള്ള ചില കാര്യങ്ങൾ കുറിക്കുന്നു.

പരിശുദ്ധ സഭയുടെ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്തായായി ഓട്ടം തികച്ച ഇയ്യോബ് മാർ പീലക്സിനോസ് തിരുമേനി കടന്നുപോയ പാതകൾ, അധികമാരും അറിഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. അത് കാഠിന്യത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും നിശിത ശിക്ഷണത്തിന്റെയും ആത്മസമർപ്പണത്തിന്റെയും സംയുക്തപാതകളായിരുന്നു എന്നു തന്നെ പറയാം അഭി. തിരുമേനി ക്ഷമയോടും പ്രാർത്ഥനയോടും ദൈവാശ്രയത്തോടും അതിലൂടെ സഞ്ചരിച്ചു അനുസരണവും അച്ചടക്കവും വിനയവും ഗുരുഭക്തിയുമെല്ലാം അദ്ദേഹത്തിലെ ദൈവാനുഭവത്തിന്റെ പ്രത്യക്ഷ ലക്ഷണങ്ങളായിരുന്നു.

തിരുവല്ല മേപ്രാൽ ഗ്രാമത്തിൽ കണിയാന്തറ കുടുംബത്തിൽ ജനിച്ച അദ്ദേഹത്തെ ദൈവത്തോട് അടുപ്പിച്ച് നിർത്തിയത് അദ്ദേഹത്തിന്റെ പ്രിയപ്പെട്ട' അമ്മ ആയിരുന്നു. എന്നും പ്രാർത്ഥനകൾ ചൊല്ലിക്കൊടുത്തും പള്ളികളിൽ കൊണ്ടുപോയും ആ 'അമ്മ അത്രമേൽ അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു മലങ്കര സഭയുടെ പ്രകാശഗോപുരമായിരുന്ന പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ജ്യേഷ്ഠസഹോദരന്റെ മകളായിരുന്നു ആ 'അമ്മ അതുകൊണ്ട് തന്നെ പള്ളിയിൽ അപ്പൻ എന്ന് അദ്ദേഹം വിളിച്ചിരുന്ന പരിശുദ്ധ ബാവാ തിരുമേനിയെ കാണുവാൻ പോവുക പതിവായിരുന്നു. പരിശുദ്ധ ബാവായുടെ വിശുദ്ധ ജീവിതത്തിൽ ആകൃഷ്ടനായ അദ്ദേഹം ലോകസുഖങ്ങളെയും ഭവനത്തേയും ഉപേക്ഷിച്ച് തന്റെ പതിനാറാം വയസ്സിൽ ഒരു ജോഡി വസ്ത്രവും തന്റെ പ്രിയപ്പെട്ട വേദപുസ്തകവും എടുത്തുകൊണ്ട് പരിശുദ്ധ പിതാവിന്റെ സന്നിധിയിൽ ചെന്ന് സമർപ്പിതനായി ജീവിക്കുവാനുള്ള തന്റെ ആഗ്രഹം അറിയിച്ചു. പരിശുദ്ധ പിതാവിന്റെ ആഹ്വാനം അനുസരിച്ച് ഭാഗ്യസ്മരണാർഹനായ തോമ്മാ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ശിഷ്യനായി പത്തനാപുരം മൗണ്ട് താബോറിലെ അംഗമായിതീർന്നു. താബോറിന്റെ സ്ഥാപകപിതാവിന്റേയും ആദ്യകാല ത്യാഗികളായ നേതാക്കളുടെയും കൂടെയുള്ള വാസവും അഭ്യസനവും അദ്ദേഹത്തിന്റെ ആദ്ധ്യാത്മികാനുഭവത്തെ ആളിക്കത്തിച്ചു താബോറിന്റെ ആരംഭകാലം പല പരിമിതികളുടെയും വർഷങ്ങളായിരുന്നു അതിലെ ആദ്യകാല പ്രവർത്തകർ അക്ഷരാർത്ഥത്തിൽ ചോര നീരാക്കിയവരാണ്. അക്കൂട്ടത്തിൽ നമ്മുടെ സ്മര്യപുരുഷനുമുണ്ട്. ആ കാലഘട്ടത്തിൽ അവരനുഭവിച്ച ബുദ്ധിമുട്ടുകൾ ഞങ്ങളുടെ അടുത്തു അയവിറക്കിയിട്ടുള്ളതു അത്ഭുതത്തോടെയാണ് കേട്ടിട്ടുള്ളത്. അനുഗൃഹീത ശബ്ദത്തിനുടമയായിരുന്നതിനാൽ ആരാധന ഹൃദ്യവും മാധുര്യമുള്ളതുമായിരുന്നു. ആദ്ദേഹത്തിന്റെ വടിവൊത്ത കൈയക്ഷരം ആകർഷകമായിരുന്നു. സൗമ്യമായ ഇടപെടലുകളും, സ്നേഹപൂർവ്വമായ സമീപനവുമൊക്കെ എല്ലാവരുടെയും ഹൃദയങ്ങളിൽ ഇടമുണ്ടാക്കി മനുഷ്യബന്ധങ്ങളെ മാനിച്ചിരുന്ന തിരുമേനി മനുഷ്യത്വമുള്ള ഒരു പിതാവായിരുന്നു ആദ്ധ്യാത്മിക നേതൃസ്ഥാനത്തു മനുഷ്യത്വം മായുന്നതിനു ഉദാഹരണങ്ങൾ അനവധിയുണ്ടാകുന്ന ഈ കാലത്ത് അദ്ദേഹം വ്യത്യസ്തനായി ജീവിച്ചു ജീവിതാവസാന നാളുകളിൽ രോഗാവസ്ഥയിൽ കിടക്കയിലായിരുന്നപ്പോഴും സ്നേഹിതരോടു മാധ്യമങ്ങൾ മുഖേന ക്ഷേമം അന്വേഷിക്കുകയും സ്നേഹം പങ്കിടുകയും ചെയ്തുകൊണ്ടിരുന്നു. സാങ്കേതികവിദ്യയുടെ സാധ്യതകളെ ആധ്യാത്മിക ജീവിതത്തിൽ അങ്ങേയറ്റം ഉപയോഗിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു അന്തസ്സാർന്ന പെരുമാറ്റം, കാപട്യമില്ലാത്ത ആദ്ധ്യാത്മിക ഭാവത്തിന്റെ ലക്ഷണമായിരുന്നു. ഹൃദയം ശിശുതുല്യം കളങ്കരഹിതമായിരുന്നു ഇണങ്ങാനും പിണങ്ങാനും നിമിഷങ്ങളും നിസ്സാര കാര്യങ്ങളും മതിയായിരുന്നു. ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദമൊക്കെ അക്കാലത്തു സമ്പാദിച്ച തിരുമേനി പത്തനാപുരം കോളജിൽ വൈസ് പ്രിൻസിപ്പൽ സ്ഥാനത്തേക്ക് വരെ ഉയർന്നു. അദ്ധ്യാപന ജീവിതം നല്ല ശിഷ്യ സമ്പത്തുണ്ടാക്കി ഗുരു ശിഷ്യ ബന്ധത്തിനു ഉത്തമ മാതൃക നൽകി ഗുരുവായിരുന്നപ്പോഴും മെത്രാപ്പോലീത്താ ആയപ്പോഴും താൻ ഗുരുക്കന്മാരേപ്പോലെ ആദരിച്ചിരുന്ന പരിശുദ്ധ ദിദിമോസ് ബാവാ, ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി, സഭയിലെ മറ്റ് പിതാക്കന്മാർ എന്നിവരോടു കാണിച്ച ഗുരുഭക്തി കണ്ടു പഠിക്കേണ്ടതു തന്നെയാണ്. ആധുനിക സമൂഹം ഗുരുക്കന്മാരെ തിരിച്ചറിയാൻ കഴിയാത്ത തരത്തിൽ മാറിയിരിക്കുകയാണല്ലോ. ശിഷ്യന്മാർ ഇന്നു ഗുരുവിനെ മറക്കുകയല്ല, നിന്ദിക്കുകയാണ് സന്യാസസമൂഹത്തിലും സഭയിലും മറ്റും ചെയ്തുകൊണ്ടിരിക്കുന്നത്

താബോർ സന്യാസ സമൂഹത്തിൽ ഗുരുവായ തോമ്മാ മാർ ദിവന്നാസ്യോസിന്റെ മഹത്വം തിരിച്ചറിഞ്ഞു ജീവിച്ച ഒരു ശിഷ്യനായിരുന്നു ഇയ്യോബ് മാർ പീലക്സിനോസ് തിരുമേനി എന്ന വസ്തുത നമ്മൾ ഓർത്തിരിക്കേണ്ടതുണ്ട്. ഗുരുവിന്റെ എല്ലാ ശിഷ്യന്മാർക്കും ഒരു ജീവിതപാഠമാണ് ഇയ്യോബ് മാർ പീലക്സിനോസ് തിരുമേനി താബോർ ദയറായിലെ സന്യാസ പരിശീലനത്തിൽ നിന്നും തിരുമേനി സ്വായത്തമാക്കിയ മുഖ്യപാഠങ്ങൾ ശക്തമായ ദൈവവിശ്വാസം, വ്രതനിഷ്ഠ, അച്ചടക്കം എന്നിവയായിരുന്നു അദ്ദേഹം അതിന്റെ ഒരു മൂർത്തിമദ്ഭാവമായിരുന്നു.

താബോർ സന്യാസ സമൂഹത്തിൽ ആ ഗുരുകൃപയിൽ വളർന്നു വന്ന തിരുമേനി തന്റെ ബാല്യകാലങ്ങളെപ്പറ്റി പലപ്പോഴും ഞങ്ങളോട് പറയുമായിരുന്നു. ഓലകൊണ്ടു മെടഞ്ഞ മേൽക്കൂരയ്ക്കു താഴെ വൈദ്യുതി വെളിച്ചമൊന്നും ഇല്ലാതെ താബോർ ദയറായിലെ സന്യാസികൾ ഇരുട്ടിലും ദാരിദ്ര്യത്തിലും ജീവിച്ചിരുന്ന കാലത്തെപ്പറ്റി പറഞ്ഞത് ഓർക്കുന്നു. താബോർ ദയറായിലെ സന്യാസിമാർക്കു തോമ്മാ മാർ ദീവന്ന്യാസിയോസ് തിരുമേനി ബ്രദർഹുഡ് മുതൽ ഒരു 'ഇടക്കെട്ട്' സമ്മാനിച്ചിരുന്നു വിശപ്പിനെ പിടിച്ചു നിർത്താൻ മാത്രമല്ല, പ്രലോഭനങ്ങളെ പിടിച്ചു നിർത്താൻ കൂടിയായിരുന്നു ഈ 'ഇടക്കെട്ട്. അന്നത്തെ ദയറായുടെ ചുറ്റുവട്ടം സന്ധ്യ കഴിഞ്ഞാൽ മാത്രമല്ല പകൽനേരത്തും കൊടുംകാടിന്റെ ഇരുട്ടിലായിരുന്നു. എന്നാൽ ശുഭ്രവസ്ത്രധാരിയായി വരുന്ന ബ്രദർ മാമ്മൻ എന്ന തിരുമേനിയെ പകലും രാത്രിയിലും കാണുമ്പോൾ എന്തോ അവാച്യമായ തേജസ്സ് കൊണ്ട് ആ മുഖം മാത്രമല്ല, ആ ചുറ്റുവട്ടവും ശോഭിച്ചിരുന്നതായി ഒപ്പം താമസിച്ചവരിൽ നിന്നും കേട്ടിട്ടുണ്ട് ഇപ്രകാരം ബ്രദർ മാമ്മൻ തോമസ് താബോറിലെ രൂപാന്തരീക്ഷത്തിലൂടെ ഇയ്യോബ് മാർ പീലക്സിനോസ് ആയി മാറിയപ്പോൾ, ആ സന്യാസിക്കു മുഖമുദ്രയായി രോഗത്തിന്റെ വേദനയും യാതനയും ഒപ്പമുണ്ടായിരുന്നു ജീവിതത്തിലെ ഇത്തരം നൊമ്പരങ്ങളെയും കണ്ണീരിനെയും ആത്മീയാനുഭവത്തിന്റെ മന്ദഹാസങ്ങളാക്കി പരിവർത്തനം ചെയ്തുകൊണ്ട് ദൈവ വിശ്വാസത്തിന്റെ അചഞ്ചലമായ കോട്ടകൾ സന്യാസജീവിതത്തിൽ കെട്ടിപ്പടുക്കുന്ന കാഴ്ച എന്റെ ഗുരുവായ ഇയ്യോബ് മാർ പീലക്സിനോസ് തിരുമേനിയിൽ കാണുന്നു.

വേദപുസ്തകത്തിൽ ജീവിക്കുന്ന പഴയ ഇയ്യോബിന്റെ കഥയ്ക്കു ഒരു ജീവിതഭാഷ്യം ഈ ഗുരുവിൽ കണ്ടെത്തുകയായിരുന്നു. വേദപുസ്തകം വെറുതെ വായിക്കാനുള്ളതല്ലെന്നും അതു ജീവിച്ചു കാണിക്കാനുള്ളതാണെന്നും ഞാൻ തിരിച്ചറിഞ്ഞതു തിരുമേനിയുടെ ജീവിതം കണ്ടിട്ടായിരുന്നു അദ്ദേഹം താബോർ ദയറായിൽ ദാരിദ്രം അനുഭവിച്ചിട്ടുണ്ടെങ്കിലും അതിന്റെ ആഹ്ളാദം അദ്ദേഹത്തിന്റെ ആത്മീയ ജീവിതത്തെ പ്രശോഭിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ടെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. സ്വർണപ്പണിക്കാരന്റെ തീച്ചൂളയിൽ കിടന്നു പുളയുന്ന സ്വർണ്ണത്തരിക്കു പത്തര മാറ്റ് ശോഭ കിട്ടുന്നതു പോലെയായിരുന്നു ഈ ഗുരുവിന്റെ വേദനയെന്നു ചേർന്ന് നിന്നപ്പോൾ തിരിച്ചറിയാൻ സാധിച്ചു. കണ്ണീരിനെ പൊട്ടിച്ചിരിയാക്കാനും വേദനയെ സന്തോഷമാക്കാനും പരീക്ഷണങ്ങളെ വിശ്വാസമാക്കാനുമൊക്കെ അദ്ദേഹം പരിശീലിക്കുകയും ഞങ്ങളെ പഠിപ്പിക്കുകയും ചെയ്തിരുന്നു.

താബോർ മലയിൽ, സംഭവിച്ച തേജസ്ക്കരണത്തിന്റെ അനുഭവങ്ങൾ ജീവിതത്തിന്റെ താബോർ മലകളിൽ ജീവിക്കുന്ന ഓരോ വിശ്വാസിക്കും അനുഭവിക്കാൻ കഴിയണമെന്ന ആഹ്വാനമാണ് ഇയ്യോബ് മാർ പീലക്സിനോസ് തിരുമേനിയുടെ ജീവിതം ഓർമ്മിപ്പിക്കുന്നത്.








അഭി. ജോബ് മാർ പീലക്സിനോസ് മെമ്മോറിയൽ എൻഡോവ്മെന്റ് & എഡ്യൂക്കേഷണൽ അവാർഡ് (Class X) ജേതാക്കളായ ഡാനിയേല സൂസൻ ജേയിംസ് (CBSC), നിതിൻ ഷിജു ജോൺ (ICSC), ജോഹാൻ കെ ബിജി, (KERALA) & അഭിവന്ദ്യ ഡോ പൗലോസ് മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ 'BIRTH CENTENARY AWARD' Class XII ജേതാക്കളായ നേഹാ സാറാ ഫിലിപ്പ് (CBSC), ഏബൽ എം. കോശി (KERALA), എന്നിവർ അവാർഡുകൾ കരസ്ഥമാക്കി.

## ഇടവക ദിനവും ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികവും നക്ഷത്രരാവും

**ഡിസംബർ 29-ാം തീയ്യതി ഞായറാഴ്ച്ച നടത്തപ്പെടുന്നു**

### UMM AL QUWAIN SERVICE

ഡിസംബർ മാസം 18.12.2024
ബുധനാഴ്ച 7.00 PM ന്
UAQ Prayer Hall ൽ വെച്ച്
സന്ധ്യാനമസ്കാരവും തുടർന്ന്
വിശുദ്ധകുർബ്ബാനയും
നടത്തപ്പെടുന്നതാണ്

SCAN ME FOR THE LOCATION


### ഇടവകയിലെ പുതിയ അംഗങ്ങൾ

| REG NO | NAME | AREA | MOB |
|---|---|---|---|
| A-441 | AJESH ACHANKUNJU THOMAS | DXB | 058-8875323 |
| E-044 | ELDHOSE T VARKEY | AJK | 055-2998158 |
| J-819 | JESWIN JOY | AJS | 050-3247967 |
| L-118 | LIJIN T JOSEPH | UAQ | 054-3901289 |
| N-087 | NIBU SAM CHACKO | AKZ | 050-5270037 |
| R-424 | RENSE THOMAS | AJS | 050-6283367 |

### യാത്രയയപ്പ്



**SABU K MATHEW**
(S-021)



**KURUVILLA GEORGE**
(K-065)



**RAJAN SAMUEL**
(R-231)



**FINNY GEORGE**
(F-005)

ഇവർ ഇടവകയ്ക്ക് ചെയ്തു തന്ന എല്ലാ സേവനങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഇടവകയുടെ എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

(ഒന്നാം പേജിൽ നിന്നും തുടർച്ച..)

നമ്മുടെ പാതകൾ ചൊവ്വുള്ളവയും നടപടികൾ നീതിയുക്തവുമാകണം. സ്വാർത്ഥതാൽപര്യങ്ങൾക്കു വേണ്ടി ന്യായവും നീതിയും ബോധപൂർവ്വം വിസ്മരിക്കാൻ ശ്രമിക്കുന്ന സമൂഹത്തിന് മദ്ധ്യേ നാം ഏവരും വ്യത്യസ്തരായി നിലകൊള്ളണം. 119ാം സങ്കീർത്തനം ഒമ്പതാം വാക്യത്തിൽ പറയുന്നതിൻപ്രകാരം ‘അവിടുത്തെ വചനത്തെ സൂക്ഷിച്ചുകൊണ്ട് നമ്മുടെ നടപ്പുകളെ നിർമ്മലതയിൽ സൂക്ഷിക്കാൻ’ നാം ബാധ്യസ്ഥരാണ്. ദൈവമുഖത്തു നിന്നും ലഭ്യമാകുന്ന പരിജ്ഞാനത്താൽ നമ്മുടെ പാതകൾ ക്രമീകരിക്കപ്പെടണം. സാമൂഹിക അധാർമ്മികതക്കും നീതിനിഷേധത്തിനുമെതിരെ ഉറച്ച ശബ്ദമുയർത്തി ദൈവ സ്നേഹത്തിലധിഷ്ഠിതമായ സാമൂഹികനിർമ്മാണം നമ്മുടെ ഉത്തരവാദിത്തമാണ്.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ആപ്തവാക്യമാണല്ലോ ‘ആരാധന, പഠനം, സേവനം.’ സൃഷ്ടിയും സൃഷ്ടിതാവും തമ്മിൽ ഒന്നായിച്ചേരുന്ന അസുലഭയാമമാണ് ആരാധനയുടേത്. ജഡത്തിന്റെ ആനന്ദങ്ങളിൽ നമ്മുടെ ശ്രദ്ധ വ്യതിചലിച്ചു പോകാതെ ആത്മാവിന്റെ ജ്വലനം ആരാധനയുടെ അനുഭവത്തിൽക്കൂടി പ്രാപ്തമാക്കി സ്വർഗ്ഗസ്ഥപിതാവിന്റെ മഹത്വം വർദ്ധിക്കുമാറ് നമ്മുടെ പ്രകാശം ലോകത്തിന് മുമ്പാകെ ദൃശ്യമാകുവാൻ ഇടയാകണം. ഇന്ന് പലപ്പോഴും ആരാധനയുടെ അനുഭവത്തിൽ നിന്നും നാം വ്യതിചലിച്ചു പോകുന്നു എന്നത് ഒരു ദു:ഖസത്യമാണ്. ക്രിസ്തുവാണ് നമ്മുടെ ജീവിതങ്ങളിലെ കേന്ദ്രബിന്ദു. സർവ്വലോകവും നേടിയാലും നമ്മുടെ ആത്മാവിനെ നഷ്ടമാക്കിയാൽ എന്ത് പ്രയോജനം? മുമ്പേ അവന്റെ രാജ്യത്തിന്റെയും നീതിയുടെയും അന്വേഷികളായി നാം തീരേണ്ടതുണ്ട്. വി. കൂദാശകളുടെ അനുഭവത്തിലൂടെ വളരുവാൻ സാധ്യമാകുന്നില്ലെങ്കിൽ മുള്ളിനിടയിൽ വീണ വിത്തുകൾക്ക് സമമായി നമ്മുടെ ജീവിതങ്ങൾ മാറ്റപ്പെടുവാൻ സാധ്യതയുണ്ട്.

പൗരസ്ത്യ ചിന്തയിൽ 'Liturgy after Liturgy' ആരാധനാനന്തര ആരാധന / സേവനാനന്തര സേവനം എന്ന ആശയത്തിന് സുപ്രധാന സ്ഥാനമുണ്ട്. ദൈവാരാധനയോട് തുല്യമായ സ്ഥാനമാണ്. നമ്മുടെ സഹോദരങ്ങളെ കരുതുന്നതിനും കൽപ്പിക്കപ്പെട്ടിരിക്കുന്നത്. സർവ്വസൃഷ്ടിയിലും ഈശ്വരസാന്നിദ്ധ്യം ദർശിപ്പാൻ സംഗതിയാകണം. ഈ പ്രകൃതിയുടെയും സൃഷ്ടിജാലങ്ങളുടെയും കാവൽക്കാരാകുന്നു നാം എന്ന ചിന്ത നമ്മെ സദാ ഭരിക്കുമാറാകണം. ’ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്യുന്നത് എനിക്കാകുന്നു ചെയ്യുന്നത്’ എന്ന കർതൃവചനം ഇവിടെ പ്രസക്തം. എന്നാൽ സമൂഹത്തിന്റെ കൈയ്യടിക്കു വേണ്ടിയോ സാമൂഹിക മാധ്യമങ്ങളിലെ ആഘോഷങ്ങൾക്ക് വേണ്ടിയോ ആകരുത് നമ്മുടെ പ്രവർത്തനങ്ങൾ ഉയരേണ്ടത്. ’മാനവസേവ മാധവസേവ’ എന്ന ഭാരതീയ ദർശനവും ഇത് തന്നെയാണ് നമ്മെ പഠിപ്പിക്കുന്നത്. നമ്മെ കാണുന്നവർ ക്രിസ്തുവിനെ കാണുവാൻ, നമ്മെ കേൾക്കുന്നവർ ക്രിസ്തുവിനെ കേൾക്കുവാൻ അപ്രകാരം ഈ ലോകത്തിന് ക്രിസ്താനുഭവം നൽകുന്നവരായി നമുക്ക് ക്രിസ്തുവിൽ വളരാം. ദൈവപുത്രന്റെ ജനനസന്തോഷത്തിൽ ഒരു പുതുവർഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ദൈവമുമ്പാകെ കൂടുതൽ വിനയപ്പെട്ട് ദൈവഹിതാനുസാരികളായി ഈ ലോകത്തിൽ നമുക്ക് ആയിരിക്കാം.

പുതുവർഷ ആഘോഷങ്ങളിൽ മുഴുകുമ്പോൾ നമ്മുടെ പാരമ്പര്യത്തിൽ ജനുവരി ഒന്ന് ആണ്ടാരംഭം മാത്രമല്ല എന്നും നമ്മുടെ കർത്താവിന്റെ ചേലാകർമ്മ പെരുന്നാളും നമ്മുടെ പിതാക്കന്മാരായ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും ഓർമ്മ കൂടെയാണ് എന്ന ചിന്തയും നമ്മെ ഭരിക്കുമാറാകണം. ’ദൈവം മനുഷ്യനായി തീർന്നത് നാം ദൈവസ്വരൂപത്തിൽ വളരുന്നതിനായിട്ടാകുന്നു.’ ആ ആരിക വളർച്ചയ്ക്ക് നമ്മുടെ പെരുന്നാൾ ആഘോഷങ്ങൾ മുഖാന്തിരമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇന്നത്തെ സമൂഹത്തിന് യുവാക്കൾക്ക് നൽകുവാൻ സാധ്യമാകുന്ന സംഭാവനകൾ നിലമാണ്. കേവലമായ സംഘാടന പ്രവർത്തന നിർവഹണം മാത്രമല്ല ഒരു നവ സമൂഹത്തിന്റെ സൃഷ്ടിക്ക് പ്രാപ്തിയുള്ളവരാണ് യുവത. ലോകത്തിന്റെ ഭ്രമങ്ങളിൽ അഭിരമിച്ചു പോകാതെ പരിശുദ്ധ സഭയ്ക്കും അഖിലമാനവികതയ്ക്കും പുതിയ ഊടും പാവും നെയ്യുന്നവരായിത്തീരുവാൻ യുവജനതയ്ക്കുള്ള ഒഴിച്ചുകൂടാനാവാത്ത ഉത്തരവാദിത്തത്തെക്കുറിച്ച് സദാബോധ്യമുള്ളവരായിത്തീരണം. ക്രിസ്തുവിന്റെ ജനനത്തിന്റെ സന്തോഷത്തിൽ ഒരു പുതിയ വർഷത്തിലേക്ക് നാം കടന്നുചെല്ലുമ്പോൾ ദൈവമുമ്പാകെ കൂടുതൽ വിനയപ്പെടുവാനും ദൈവഹിതാനുസാരികളായിത്തിരുവാനും നമുക്ക് സംഗതിയാകട്ടെ. ഏവർക്കും ക്രിസ്തുമസ് പുതുവത്സരാശംസകൾ.

ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പൊലീത്ത

## SUNDAY SCHOOL

1st December: Annual Exam for Grade-4 to 9 and Grade-11.
12.45 pm : SS Teachers Council Meeting.
02.00 pm onwards : Combined Paper Valuation.
8th December : OSSAE-OKR Central Board Final Exam for Grade-10 & 12


Mr.Bijo Kaleekkal


Mr. Alex Varghese

40 Years OSSAE-OKR Service Awards :
2 Teachers from Sharjah Sunday School got 40 Years of Sunday School Teaching Service Award from OSSAE-OKR Nagpur

## OCYM

* റെഗുലർ മീറ്റിംഗ് 08/12/2024 ഞായറാഴ്ച വി: കുർബാനയ്ക്കു ശേഷം നടത്തപ്പെടുന്നു.

* മലയാളം മിഷൻ കേരളപ്പിറവിയോടനുബന്ധിച്ച് ആഗോളതലത്തിൽ നടത്തിയ ‘എന്റെ കേരളം’ മത്സരത്തിൽ നമ്മുടെ യൂണിറ്റിലെ അഡ്‌ലീന തോമസ് വിജയിച്ചു.




**OCYM** യുഎഇ മേഖലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സഭാകവി സി.പി.ചാണ്ടി മെമ്മോറിയൽ ക്രിസ്തുമസ് ഗാനാലാപന മത്സരം മസ്മൂർ 2024ൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

# നസ്രാണി ദേശീയത എന്ന മാർത്തോമ്മായുടെ മാർഗം



ഡോ. എം. കുര്യൻ തോമസ്

സ്വത്വം പ്രകടമാക്കേണ്ടി വരുമ്പോളാണ് ഒരു വ്യക്തിക്കോ സ്ഥാപനത്തിനോ നാമവും വിലാസവും ആവശ്യമായി വരിക. ഏകാന്തവാസിയായ ഒരുവന് പേരും കുലവും അർത്ഥശൂന്യമാണ്. സമാനതകളുള്ള ഒന്നിലധികം വ്യക്തികൾ അഥവാ സ്ഥാപനങ്ങൾ ഉണ്ടാകുമ്പോൾ അവയ്ക്ക് തനത് വ്യക്തിത്വം സ്ഥാപിക്കേണ്ടിവരും. പ്രത്യേകിച്ചും മൂന്നാമതൊരാൾക്ക് സ്വയം വെളിപ്പെടുത്തേണ്ടി വരുമ്പോൾ, ഈയൊരവസ്ഥയാണ് 15ാം നൂറ്റാണ്ടിൽ മലങ്കരസഭയ്ക്ക് നേരിടേണ്ടി വന്നത്. അപ്പോസ്തോലിക കാലഘട്ടത്തിൽത്തന്നെ ക്രൈസ്തവ വിശ്വാസം സ്വീകരിച്ച് അതിനെ കേരളത്തിന്റെ സാംസ്ക്കാരിക പശ്ചാത്തലത്തിൽ രൂപപ്പെടുത്തി നസ്രാണികളായവരാണ് കേരള ക്രൈസ്തവർ. പതിനഞ്ചു നൂറ്റാണ്ടു കാലം അവരുടെ ക്രൈസ്തവ വ്യക്തിത്വത്തെ പ്രകടിപ്പിക്കേണ്ട പ്രത്യേക സംജ്ഞകളൊന്നും ആവശ്യമായി വന്നില്ല. കാരണം മറ്റൊരു ക്രൈസ്തവ സമൂഹത്തിന് തങ്ങളെത്തന്നെ വെളിപ്പെടുത്തേണ്ടുന്ന സാഹചര്യങ്ങൾ ഒന്നും ഉണ്ടായില്ല എന്നതു തന്നെ. എന്നാൽ പോർട്ടുഗീസുകാരായ റോമൻ കത്തോലിക്കർ കേരളത്തിലെത്തിയതോടെ തങ്ങളുടെ സ്വത്വം പ്രകടിപ്പിക്കേണ്ടുന്ന ആവശ്യകത നസ്രാണികൾക്ക് നേരിട്ടു. ഇത് അവരെ തികച്ചും കുഴക്കുന്ന ഒരു പ്രശ്നമായിരുന്നു. കാരണം നസ്രാണിയുടെ ക്രിസ്തുമതം ഒരു വിശ്വാസ സംഹിത മാത്രമായിരുന്നില്ല. അതൊരു സംസ്കാരവും ജീവിതരീതിയുമായിരുന്നു.

മാർത്തോമ്മാ ശ്ലീഹായിലുള്ള പ്രാരംഭവും, സുറിയാനി എന്ന ദേവഭാഷയുടെ ഉപയോഗവും, സെലൂഷ്യായിലെ കാതോലിക്കായുടെ ആത്മീയ അധികാരവും, അവിടെനിന്നു നിയമിക്കപ്പെടുന്ന പേർഷ്യൻ മെത്രാന്മാരിൽ നിന്നു സ്വീകരിക്കുന്ന പട്ടത്വവും, പേർഷ്യൻ സഭയുടെ വിശ്വാസകൂദാശാ പാരമ്പര്യവും മാത്രമായിരുന്നില്ല നസ്രാണിയുടെ ക്രൈസ്തവികത. മതം എന്ന സങ്കൽപ്പം തന്നെ അന്നു നസ്രാണിക്കുണ്ടായിരുന്നില്ല. മറിച്ച്, മുകളിൽ പറഞ്ഞവയോടൊപ്പം കേരളത്തിലെ നമ്പൂതിരി കേന്ദ്രീകൃത ജാതിവ്യവസ്ഥയിലെ വൈശ്യർ എന്ന ജാതിയും, വാണിജ്യം എന്ന കുലധർമ്മവും, കേരളീയമായ ആചാരാനുഷ്ഠാനങ്ങളും, ആവാസവ്യവസ്ഥയും, പവിത്രതാ സങ്കൽപ്പവും എല്ലാം ചേർന്ന ഒരു പ്രത്യേക സംസ്ക്കാരമായിരുന്നു അന്നത്തെ നസ്രാണിയുടെ ക്രൈസ്തവികത. അർക്കദിയക്കോന്റെ ജാതിക്കു കത്തനാർ സ്ഥാനവും, ജാതി ചിഹ്നങ്ങളായ കുടുമ്മിയും കടുക്കനും പൂണൂലു മെല്ലാം ഇതിൽ ഉൾപ്പെട്ടിരുന്നു. തീണ്ടലും തൊടിലും, പുലയും വാലായ്മയുമെല്ലാം ഇതിന്റെ ഭാഗമായിരുന്നു. ഇവയൊക്കെയും നസ്രാണി സംസ്ക്കാരത്തിന്റെ ഇഴപിരിക്കാനാകാത്ത ഘടകങ്ങളായിരുന്നു.

പോർട്ടുഗീസ് റോമൻ കത്തോലിക്കരോട് സ്വന്തം വ്യക്തിത്വം വെളിപ്പെടുത്തേണ്ടുന്ന ആവശ്യം നേരിട്ടപ്പോൾ ഇവയെല്ലാം അടങ്ങിയ തങ്ങളുടെ ക്രൈസ്തവികതയ്ക്ക് രണ്ടു വാക്കിൽ ഒതുങ്ങുന്ന ഒരു നിർവചനം അവർ രൂപപ്പെടുത്തി അതാണ് മാർത്തോമ്മായുടെ മാർഗ്ഗം തങ്ങളെ ആത്മാവിൽ ജനിപ്പിച്ച പിതാവായ മാർതോമാ ശ്ലീഹാ യോടുള്ള അത്യാദരവിന്റെ സ്ഫുരണമെന്നതോടൊപ്പം, തദ്ദേശീയമായ തങ്ങളുടെ ക്രൈസ്തവ ജീവിതരീതിയുടെ വ്യക്തമായ പ്രകടനവും കൂടിയാണ് മാർത്തോമ്മായുടെ മാർഗ്ഗം എന്ന സർവസംഗ്രാഹിയായ പദദ്വയം,

ഇതിനു മുമ്പ് കേരളത്തിലെ നമ്പൂതിരി വിഗ്വിജയകാലത്തായിരിക്കണം നസ്രാണിക്ക് സ്വന്തം സ്വത്വത്തെ പ്രകടിപ്പിക്കേണ്ട ആവശ്യകത ഉണ്ടായത്. മറ്റു മതങ്ങളെ തച്ചുടച്ചും, ജാതിയും ഉപജാതിയും രൂപീകരിച്ചും, സ്വാംശീകരിച്ചും മുന്നേറിയ ആര്യൻ അധിനിവേശത്തിന്റെ കുത്തൊഴുക്കിൽ ജൈനബുദ്ധ മതങ്ങളെപ്പോലെ ഒലിച്ചുപോവാതിരിക്കാൻ നസ്രാണികൾ കണ്ടെത്തിയ മാർഗ്ഗമാണ് തങ്ങളുടെ കുലശ്രേഷ്ഠത പ്രകടിപ്പിക്കുക എന്നത്. കുലവംശ മഹത്വത്തിൽ ശ്രദ്ധാലുക്കളായ നമ്പൂതിരിമാർക്കു മുമ്പിൽ അന്ന് നസ്രാണികൾ സ്വയം പ്രകടിപ്പിച്ച സംജ്ഞയാവണം മാർത്തോമ്മായുടെ വഴിപാട്. പഴയ മലയാള ഭാഷയിൽ വഴിപാട് എന്ന വാക്കിന് വംശം, കുലം തുടങ്ങിയ അർത്ഥങ്ങളാണുള്ളത്. ഒരുപക്ഷേ ചില വർത്തമാന കാല ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്ന നസ്രാണിയുടെ യഹൂദ പാരമ്പര്യവും ഇതിനു കാരണമാകാം. മാർതോമാ ശ്ലീഹായുടെ സ്വന്തം കുലം യഹൂദർ ആണ് തങ്ങളെന്ന പ്രൗഢി പ്രകടമാക്കുന്ന ഈ സംജ്ഞയും, താഴ്ന്ന ജാതിക്കാരെ മാർഗ്ഗം കൂട്ടിയ റോമൻ കത്തോലിക്കാ നടപടിക്കെതിരെയുള്ളപ്രതികരണമാണെന്ന് ചിന്തിക്കുന്നതിലും അസാംഗത്യമില്ല.

1599ലെ ഉദയംപേരൂർ സുന്നഹദോസിലവസാനിച്ച ഒരു നൂറ്റാണ്ടു കാലം റോമൻ കത്തോലിക്കർക്ക് നസ്രാണികളോടുള്ള സമീപനത്തെ ആ സഭയിലേയ്ക്കുള്ള പരിവർത്തനം എന്ന രീതിയിൽ ലാഘവബുദ്ധിയോടെ സമീപിക്കാനാവില്ല. നസ്രാണികളുടെ വിശ്വാസാചാരങ്ങളിലും, ജീവിത രീതിയിലും സാമൂഹിക ചട്ടക്കൂടിലും സമൂലമായ പരിവർത്തനത്തിനാണ് അവർ ശ്രമിച്ചത്. പ്രാദേശിക ഭരണത്തലവന്മാരോടുള്ള നസ്രാണികളുടെ രാഷ്ട്രീയ വിധേയത്വം അവസാനിപ്പിക്കുക, അവരുടെ ജാതിവ്യവസ്ഥയും കുലധർമ്മവും ഇല്ലായ്മ ചെയ്യുക. പ്രാദേശിക ആചാരങ്ങളും അനുഷ്ഠാനങ്ങളും നിർത്തലാക്കുക തുടങ്ങിയ സമഗ്രമായ ഒഴിച്ചുപണിക്കാണ് റോമൻ കത്തോലിക്കർ മുതിർന്നത്. റോമൻ കത്തോലിക്കാ സഭയുടെ അംഗബലവും, പോർട്ടുഗീസ് സാമ്രാജ്യത്തിന്റെ ശക്തിയും വർദ്ധിപ്പിക്കാൻ താഴ്ന്ന ജാതികളിൽ നിന്നും അവർ നടത്തിയ മതപരിവർത്തനങ്ങളും നസ്രാണികൾക്ക് അംഗീ കരിക്കാവുന്നതല്ലായിരുന്നു. ഈ സാഹചര്യത്തിൽ നസ്രാണികൾ സ്വയം നൽകിയ സ്വത്വനാമമാണ് (നിർവചനം) മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും എന്നത്.

മറുവശത്ത്, റോമൻ കത്തോലിക്കാ വിശ്വാസാചാരങ്ങളും, റോമാസഭയുടെ അധീശത്വവും പോർട്ടുഗീസ് സാമ്രാജ്യത്വവും, യൂറോപ്യൻ സംസ്ക്കാരവും, ലത്തീൻ ഭാഷയുമടക്കം റോമൻ കത്തോലിക്കർ മുമ്പോട്ടു വച്ചവ യെല്ലാം ചേർത്ത് ഇതേ മാനദണ്ഡത്തിൽത്തന്നെ നസ്രാണികൾ നിർവചിച്ചു നൽകിയ പേരാണ് ശെമവോൻ കേപ്പായുടെ മാർഗ്ഗവും വഴിപാടും.

റോമൻ കത്തോലിക്കരെ ഏറ്റവും അസ്വസ്ഥരാക്കിയ പദപ്രയോഗങ്ങളാണിവയെന്ന് ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ വ്യക്തമാക്കുന്നുണ്ട്. പദങ്ങളും സംജ്ഞകളും ഉപയോഗിക്കുന്നതിൽ അത്യന്ത ശ്രദ്ധ ചെലുത്തിയിരുന്നവരാണ് നസ്രാണികൾ എന്ന് പിൽക്കാല രേഖകൾ വ്യക്തമാക്കുന്നു. ഉദാഹരണത്തിനു നിരണം ഗ്രന്ഥവരിയിലെ... കാറ്റാടി കുരുവിള കത്തനാർ ലന്തെ മാർഗ്ഗത്തിൽ ചേർന്നു ലന്തെ പാതിരിയാവാൻ.... എന്ന ഒരൊറ്റ പ്രയോഗം എടുത്താൽ മതി. കത്തനാർ, പാതിരി എന്നിവ ക്രൈസ്തവ പുരോഹിതരെ കുറിക്കുന്ന നാമങ്ങളാണെങ്കിലും, കാറ്റാടി കുരുവിള കത്തനാർ നസ്രാണി മാർഗ്ഗം വിട്ട് പ്രൊട്ടസ്റ്റന്റ് മതത്തിൽ ചേർന്നപ്പോൾ പാതിരിയായിയാണ് ചിത്രീകരിക്കപ്പെടുന്നത് എന്നത് തികച്ചും ശ്രദ്ധേയമാണ്. ആ സാഹചര്യത്തിൽ മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും റോമൻ കത്തോലിക്കരെ അസ്വസ്ഥരാക്കിയതിൽ അൽഭുതമില്ല.

നസ്രാണി ദേശീയതയുടെ ആണിക്കല്ലാണ് മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും. സൂക്ഷ്മമായി പരിശോധിച്ചാൽ, 16ാം നൂറ്റാണ്ടുമുതൽ ഇതപര്യന്തമുള്ള മലങ്കരസഭയുടെ സമരചരിത്രങ്ങളെല്ലാം തോമ്മായുടെ മാർഗ്ഗവും പത്രോസിന്റെ മാർഗ്ഗവും തമ്മിലുള്ള ഏറ്റുമുട്ടലുകളാണെന്നു കാണാം, റോമൻ കത്തോലിക്കരെ തുടർന്ന് 18ാം നൂറ്റാണ്ടിൽ അന്ത്യോഖ്യൻ മേല്പട്ടക്കാരും, 19ാം നൂറ്റാണ്ടിൽ ആംഗ്ലിക്കൻ പ്രൊട്ടസ്റ്റന്റ് മിഷനറിമാരും, വീണ്ടും 20-ാം നൂറ്റാണ്ടിൽ റോമൻ കത്തോലിക്കരും മലങ്കര സഭയിൽ കടന്നുകയറാൻ ശ്രമിക്കുകയും, നസ്രാണികൾ അതിനെ ചെറുത്തു തോല്പിക്കുകയും ചെയ്തതായി കാണാം. രസകരമായ വസ്തുത, ഈ മൂന്നു വിഭാഗങ്ങൾക്കും പൊതുവായ ഘടകം, മലങ്കര സഭയ്ക്കു മാർത്തോമ്മാ ശ്ലീഹായ്ക്കു സമമായി. ഇവ മൂന്നും തങ്ങളുടെ ആരംഭം പത്രോസ് ശ്ലീഹായിൽ ശെമവോൻ കീപ്പാ നിന്നാണെന്ന് അവകാശപ്പെടുന്നു എന്നതാണ്. ചുരുക്കത്തിൽ അധിനിവേശത്തിന് നസ്രാണികൾ നൽകിയ സംജ്ഞയും നിർവചനവു

മാണ് ശെമവോൻ കേപ്പായുടെ മാർഗ്ഗം റോമൻ കത്തോലിക്കരും, തുടർന്ന് പാശ്ചാത്യ സുറിയാനിക്കാരും, ആംഗ്ലിക്കൻ പ്രൊട്ടസ്റ്റന്റുകളും ശ്രമിച്ചത് മലങ്കര നസ്രാണികളുടെ വിശ്വാസത്തിൽ ഭേദം വരുത്തുവാൻ മാത്രമായിരുന്നില്ല. പകരം അവരുടെ ദേശീയ തനിമയെ ഇല്ലായ്മ ചെയ്യാനാണ്. കത്തനാരന്മാരുടെ തല ചിരപ്പിച്ച് തൊപ്പി ഇടുവിച്ച വിഗ്രഹഭഞ്ജകനായ ഈവാനിയോസും, നസ്രാണികൾ തുർക്കി ശൈലിയിൽ അങ്കറാവും കാൽകുപ്പായവും ധരിക്കണമെന്നും, പള്ളി കളിലെ ഓട്ടുവിളക്കുകൾ ഉപേക്ഷിക്കണമെന്നും കല്പ്പിച്ച പത്രോസ് തൃതീയൻ പാത്രിയർക്കീസും കൈവെച്ചത് നസ്രാണിയുടെ ദേശീയതയിലാണ്. ബ്രിട്ടീഷ് പ്രൊട്ടസ്റ്റന്റുകളുടെ ഉദ്ദേശ്യം ഒരു പടി കൂടി കടന്ന് നസ്രാണിയെ പ്രൊട്ടസ്റ്റന്റ് ബ്രിട്ടീഷ് ഇന്ത്യയുടെ പവിട്ടുപടിയാക്കാനുള്ള രാഷ്ട്രീയ ലക്ഷ്യവും കൂടി കലർന്നതായിരുന്നു. യഥാർത്ഥ്യത്തിൽ 1653ലെ സുപ്രസിദ്ധമായ കുനൻകുരിശു സത്യം1599 ൽ തങ്ങളുടെമേൽ റോമൻ കത്തോലിക്കർ അടിച്ചേൽപ്പിച്ച ശെമവോൻ കേപ്പായുടെ മാർഗ്ഗത്തെ പരിത്യജിച്ച് മാർത്തോമ്മായുടെ മാർഗ്ഗം പുന:സ്ഥാപിച്ച ഐതിഹാസിക സംഭവമാണ്. 1836ലെ മാവേലിക്കര പടിയോലയും ശെമവോൻ കേപ്പായുടെ മാർഗ്ഗത്തിന്റെ നിരസനമാണ്. പക്ഷേ അന്ന് മറുവശത്ത് ആംഗ്ലിക്കന്റെ പ്രൊട്ടസ്റ്റന്റുകളായിരുന്നുവെന്നു മാത്രം. അധിനിവേശത്തിനും അടിമത്വത്തിനും രണ്ടു തലങ്ങളുണ്ട്. ഭൗതികവും, ബൗദ്ധികവും. ഇവ രണ്ടും കേപ്പായുടെ മാർഗ്ഗക്കാർ നസ്രാണികളുടെമേൽ പ്രയോഗിക്കാൻ ശ്രമിച്ചിട്ടുണ്ട്. റോമിൽ നിന്നു നിയമിക്കുന്ന മെത്രാനിലും, അദ്ദേഹത്താൽ നിയമിക്കപ്പെടുന്ന വികാരിമാരിലും മലങ്കരയുടെ പള്ളിഭരണം തളയ്ക്കാൻ ശ്രമിച്ച റോമൻ കത്തോലിക്കരുടെയും മലങ്കരസഭയുടെയും പള്ളികളുടെയും സാമ്പത്തിക നിയന്ത്രണവും, പട്ടക്കാരെ നിയമി ക്കാനുള്ള അധികാരവും തങ്ങളിലൊതുക്കാൻ ശ്രമിച്ച പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെയും, പള്ളികളിൽ നിന്നും മെത്രാന്മാരിൽ നിന്നും രജിസ്റ്റർ ഉടമ്പടി വാങ്ങാൻ ശ്രമിച്ച അന്ത്യോഖ്യാ പാത്രിയർക്കീസുമാരുടെയും ആത്യന്തിക ലക്ഷ്യം ഒന്നാണെന്ന് വ്യക്തമാണ്. ഇവരുടെ വലയത്തിൽ വീണ് പിരിഞ്ഞുപോയ നസ്രാണികൾക്ക് ഇന്നും ഈ അടിമത്വത്തിൽ നിന്നു കരകയറാൻ സാധിച്ചിട്ടില്ല. സാധിക്കുകയുമില്ല.

കേപ്പായുടെ മാർഗ്ഗത്തിൽപ്പെട്ട ചില പ്രൊട്ടസ്റ്റന്റ് സഭകൾ തങ്ങൾ സ്വതന്ത്ര സഭകളാണെന്നു വാദമുയർത്തിയേക്കാം. ലൗകിക ഭരണത്തെ സംബന്ധിച്ചിടത്തോളം അവരുടെ വാദം ശരിയായിരിക്കാം. എന്നാൽ പാശ്ചാത്യ പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ വാക്കു കേട്ട്, അവരുടെ തത്വസംഹിതകൾ സ്വീകരിച്ച്, മലങ്കര നസ്രാണികളുടെ തനിമയും, ദേശീയതയും, സംസ്ക്കാരവും, പൂർണമായോ ഭാഗികമായോ ഉപേക്ഷിച്ചവരാണ് ഈ വിഭാഗം. അവർ ആശയപരമായി ഇന്നും തികച്ചും പാശ്ചാത്യ അടിമത്വത്തിൻകീഴിലാണ്.

ദേശീയതയുടെ മറ്റൊരു മുഖമുദ്ര പ്രാദേശിക ലൗകിക ഭരണകൂടത്തോടുള്ള വിധേയത്വമാണ്. കേരളം അനേകം നാട്ടുരാജ്യങ്ങളായി ചിതറിക്കിടന്ന കാലത്ത് നസ്രാണികൾ അവർ അധിവസിക്കുന്ന പ്രദേശങ്ങളിലെ നാടുവാഴികളുടെ വിശ്വസ്തതരും സത്യസന്ധരുമായ പ്രജകളായിരുന്നു എന്ന് എല്ലാ ചരിത്രകാരന്മാരും സഞ്ചാരികളും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തിരുവിതാംകുറിന്റെ രൂപീകരണത്തോടെ നസ്രാണികളുടെ കുറ് അവർ അധിവസിക്കുന്ന തിരുവിതാംകൂർ, കൊച്ചി എന്നീ രാജ്യങ്ങളോടു മാത്രമായി.

തിരുവിതാംകൂറിൽ ധർമ്മരാജാവിന്റെ സൈന്യത്തിന്റെ ഒരു ഡിവിഷനെങ്കിലും നസ്രാണിപ്പടയായിരുന്നുവെന്ന് രേഖകളുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ പ്രതിനിധി കൂടിയായ ഡോ. ക്ലോഡിയസ് ബുക്കാനൻ വലിയ മാർ ദീവന്നാസ്യോസിനെക്കൊണ്ട് ഒരു കരാർ ഒപ്പിടുവിക്കാൻ ശ്രമിച്ചപ്പോൾ... ഇംഗ്രീസു മാർഗം അനുസരിച്ച് നടക്കാ മെന്ന് എഴുതിയിരിക്കകൊണ്ട് തിരുമനസറിഞ്ഞല്ലാതെ എഴുത്തിട്ടു തന്നുകൂടായെന്ന്.... വലിയ മാർ ദീവന്നാസിയോസ് മറുതലിച്ചത് ഒരു തന്ത്രം എന്നതിനോടൊപ്പം തിരുവിതാംകൂർ രാജാവിലുള്ള ഉറച്ച വിശ്വാസത്തിന്റെ പ്രകടനം കൂടിയായി കണക്കാക്കണം.

കൊച്ചിയിലെ തികഞ്ഞ വർഗ്ഗീയവാദിയെന്നു ചിലർ മുദ്ര കുത്തുന്ന ശക്തൻ തമ്പുരാന് ലത്തീൻ ക്രിസ്ത്യാനികളെ വെറുപ്പായിരുന്നു. കൊച്ചി രാജാധികാരത്തെ അവർ അനുസരിക്കുന്നില്ല എന്നതായിരുന്നു അതിന്റെ കാരണം. എന്നാൽ അദ്ദേഹത്തിന് കൊച്ചി രാജ്യത്തെ വിശ്വസ്ഥ പ്രജകൾ എന്ന നിലയിൽ സുറിയാനി ക്രിസ്ത്യാനികളോട് സ്നേഹവുമായിരുന്നു. അദ്ദേഹം അവർക്ക് എല്ലാവിധ പ്രോത്സാഹനവും നൽകിയതായി രേഖകളുണ്ട്. കുന്നംകുളം അങ്ങാടിയിലെ അന്തിമഹാളൻകാവ് എന്ന ക്ഷേത്രം പള്ളിയാക്കുന്നതിനായി നസ്രാണികൾക്ക് ദാനം നൽകി എന്ന വസ്തുത നസ്രാണികളുടെ രാജ്യസ്നേഹത്തിന് അദ്ദേഹം നൽകിയ വലിയ അംഗീകാരമായി കണക്കാക്കണം. ദേശീയതയുടെ അടുത്ത മാനദണ്ഡം നിയമവാഴ്ചയോടുള്ള പ്രതിബദ്ധതയാണ്. ഇത:പര്യന്തം ലഭ്യമായ എല്ലാ രേഖകളുമനുസരിച്ച് നസ്രാണികൾ ഒരു നിയമവിധേയ സമൂഹമായിരുന്നു. തങ്ങളുടെ ആവലാതികൾ അതതു കാലത്തെ നിയമ നിർവഹണ വ്യവസ്ഥിതിയുടെ കോടതിയുടെ മുമ്പിലാണ് പരിഹാരത്തിനായി നസ്രാണികൾ സമർപ്പിച്ചിരുന്നത്. അവയുടെ തീർപ്പുകൾ നസ്രാണികൾ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്തതിരുന്നു.

എന്നാൽ എല്ലാ വിഭാഗത്തിലുംപെട്ട കേപ്പായുടെ മാർഗ്ഗക്കാർ വിദേശികളും അവരുടെ കൂടെ ചേർന്ന നസാ ണികളും കയ്യൂക്കും ഉദ്യോഗസ്ഥ സ്വാധീനവും നസ്രാണികൾക്കെതിരായി നിർലോപമായി ഉപയോഗിച്ചതായി രേഖകളുണ്ട്. ഇന്നും ഇതിന് മാറ്റമൊന്നുമില്ല.

ഇന്ത്യ എന്ന രാഷ്ട്രീയ അസ്ഥിത്വം രൂപീകൃതമാകുന്നതിനു മുമ്പു തന്നെ വിശാലമായ ഇന്ത്യ എന്ന വ്യക്തിത്വം ഉൾക്കൊണ്ടവരാണ് നസ്രാണികൾ. ക്രിസ്തുവർഷം 800ാമാണ്ട് പേർഷ്യയിലെ മഹാനായ തിമോത്തി കാതോലിക്കായുടെ കാലം മുതലെങ്കിലും നസ്രാണികളുടെ ജാതിക്കു കത്തനാരായ അർക്കദ്യക്കോന്റെ സ്ഥാനനാമം ഇന്ത്യയൊക്കെയുടെയും അർക്കദ്യക്കോൻ (അർക്കദിയക്കോൻ കോൽ ഹിന്ദുവായോ) എന്നായിരുന്നു. മലങ്കര നസ്രാണികളുടെ ആത്മീയാധികാരികളായി പേർഷ്യയിൽ നിന്നെത്തിയിരുന്ന മെത്രാന്മാരുടെ സ്ഥാനനാമം ഒരു പടി കൂടി കടന്ന്, ഇന്ത്യയൊക്കെയുടെയും വാതിൽ (തറവോട് കോൽ ഹിന്ദുവായോ) എന്നുമായിരുന്നു. 18ാം നൂറ്റാണ്ടിൽ മലങ്കരസഭാദ്ധ്യക്ഷന്മാരായിരുന്ന പകലോമറ്റം മാർത്തോമ്മാ എപ്പിസ്ക്കോപ്പാമാരും തറവോട് കോൽ ഹിന്ദുവായോ എന്ന ഈ സ്ഥാനപ്പേര് ഉപയോഗിച്ചിരുന്നതായി രേഖകളുണ്ട്. മലങ്കര മെത്രാനായിരുന്ന കിടങ്ങൻ മാർ പീലക്സീനോസ് 1817ൽ മലങ്കരയുടെയും, ഇന്ത്യ മുഴുവന്റെയും പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ അമർന്നിരുന്നുകൊണ്ടാണ് പുന്നത്ര മാർ ദീവന്നാസ്യോസ് മൂന്നാമനെ പിൻഗാമിയായി വാഴിക്കുന്നത്. 1856ലെ ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലത്തുപോലും ഇന്ത്യ എന്ന രാഷ്ട്രീയ സങ്കൽപ്പം ഉണ്ടായിരുന്നോ എന്ന ചോദ്യം നിലനിൽക്കെ, അതിനേക്കാൾ പൂർവീകമായ ഈ പരാമർശങ്ങൾക്ക് അതീവ പ്രാധാന്യമുണ്ട്.

ഇന്ത്യയിൽ ഇന്ന് അനേകം ക്രൈസ്തവ സഭകളുണ്ട്. അവയിൽ പലതും മലങ്കരസഭയിൽ നിന്ന് വിവിധ കാലങ്ങളിൽ അടർത്തി മാറ്റി രൂപീകരിച്ചവയാണ്. എന്നാൽ മലങ്കരസഭയ്ക്ക് സഭാ ഭരണഘടനപ്രകാരം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് മാത്രമേ ഇന്ത്യയുടെ ദേശീയ സഭ എന്ന് അവകാശപ്പെടാൻ അർഹതയുള്ളു. കാരണം, വൈദേശികാധിപത്യമില്ലാത്ത ദേശിയ നേതൃത്വം, ലൗകിക നിയമവാഴ്ച്ചയോടുള്ള വിധേയത്വം, വിദേശ തത്വശാസ്ത്രങ്ങളിൽ നിന്നും സംസ്ക്കാരത്തിൽ നിന്നുമുള്ള സ്വാതന്ത്യം, എന്നീ ദേശീയതയ്ക്ക് അത്യന്താപേക്ഷിതമായ മൂന്ന് ഘടകങ്ങൾ മറ്റൊരു സഭയിലും
പൂർണമാകുന്നില്ല.

മാർത്തോമ്മായുടെ മാർഗ്ഗം എന്ന സംജ്ഞയാണ് ഇന്ത്യൻ ദേശീയ സഭയുടെ നിർവചനം. 16ാം നൂറ്റാണ്ടിൽ വൈദേശികമായ കേപ്പായുടെ മാർഗ്ഗവുമായി അതിനു ബന്ധമില്ല എന്നു പ്രഖ്യാപിച്ച മലങ്കര നസ്രാണികളുടെ പിൻമുറക്കാരാണ് എന്നവകാശപ്പെടുന്നവർ, ആ അടിസ്ഥാന തത്വത്തിലേക്കു മടങ്ങി വരണം. എങ്കിൽ മാത്രമേ അവരുടെ അവകാശവാദത്തിനു പ്രസക്തി ഉണ്ടാകു.

## ക്രിസ്തുമസ് കരോൾ - 2024

ഇടവകയുടെ ക്രിസ്തുമസ് കരോൾ
ഡിസംബർ 5 മുതൽ ആരംഭിക്കുന്നതാണ്.
കരോൾ ഭവന സന്ദർശനം അതത്
ഏരിയായിലെ മാനേജിംഗ് കമ്മറ്റി അംഗം
മുൻകൂട്ടി അറിയിക്കുന്നതായിരിക്കും



# നവംബർ മാസത്തിൽ ഇടവകയിൽ നടന്ന പ്രധാന പെരുന്നാളുകളും വിശേഷ ദിവസങ്ങളും















# മരുഭൂമിയിലെ പരുമലയിൽ നിന്നും പരുമലയിലേക്കു ഒരു പുണ്യ യാത്ര



പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പിനാൽ അനുഗ്രഹീതമായ മരുഭൂമിയിലെ പരുമലയായി അറിയപ്പെടുന്ന നമ്മുടെ ഇടവകയിൽ നിന്നും പരിശുദ്ധന്റെ കബറിടത്തിലേക്കു ഒരു തീർത്ഥയാത്രയെ കുറിച്ച് കഴിഞ്ഞ 5 വർഷമായി ആലോചിച്ചിരുന്നു. കോവിഡ് മഹാമാരി ഉൾപ്പടെയുള്ള പല തടസങ്ങൾ നേരിട്ടതിനാൽ പദയാത്ര നടത്തുവാൻ സാധിച്ചില്ല. ഈ വർഷം ഒരു പൂർണ്ണ പരുമല പദയാത്ര നടത്തുവാനുള്ള യുവജനപ്രസ്ഥാനത്തിന്റെ ഉദ്യമത്തിന് ഇടവക ഒന്നടങ്കം പിന്തുണച്ചു .

2024 ഒക്ടോബർ മാസം 27 നു ഷാർജാ ഇടവകയുടെ പെരുന്നാൾ കൊടിയേറ്റ് ദിവസം വി. കുർബാനക്ക് ശേഷം ബഹുമാനപ്പെട്ട വൈദീകരുടെയും ഇടവകജനങ്ങളുടെയും പ്രാർത്ഥനാശംസകളോടെ ദേവാലയത്തിനു വലം വെച്ച് രാവിലെ 10 :30 ആരംഭിച്ച, തീർത്ഥയാത്ര സംഘത്തെ, നെടുമ്പാശേരിയിൽ എത്തിച്ചേർന്നപ്പോൾ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമേനിയും ബഹു. യെൽദൊ കുര്യാക്കോസ് അച്ചനും സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങളും ചേർന്ന് സ്വീകരിച്ചു. അഭിവന്ദ്യ തിരുമേനി നൽകിയ പതാക ഏന്തികൊണ്ട് പുനരാരംഭിച്ച പദയാത്ര 28-ാം തീയതി പെരുമ്പാവൂർ ബെഥേൽ സുലോക്കോ പള്ളി. പാലക്കുഴ, കീഴില്ലം, മണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിലൂടെ കുന്നുകുരുടി കത്തീഡ്രലിന്റെ അങ്കണത്തിലേക്കു പ്രേവേശിച്ചപ്പോൾ ഉണ്ടായ സന്തോഷം അനിർവ്വചനീയമായിരുന്നു. പോയ വഴികളിൽ കുന്നുകുരുടി കത്തീഡ്രലിൻറെ വിവിധ ചാപ്പലുകൾ സന്ദർശിച്ചു.

മൂവാറ്റുപുഴ അരമനയിൽ കണ്ടനാട് ഈസ്റ്റ് ഭദ്രാസനാധിപൻ അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ സ്വീകരിക്കുകയും തുടർന്ന് ആറൂർ മേരിഗിരി, വടകര സെൻറ് ജോൺസ്, കുറവിലങ്ങാട്, പ്രതീക്ഷാ ഭവൻ, നട്ടാശ്ശേരി സെൻറ്. ഗ്രീഗോറിയോസ്, പള്ളം സെൻറ് പോൾസ് , കുറിച്ചി ചെറിയപള്ളി, വേങ്ങൽ സെൻറ് ജോർജ് , പുളികീഴു സെൻറ്. മേരീസ്, വളഞ്ഞവട്ടം സെൻറ്. മേരീസ് തുടങ്ങിയ പള്ളികൾ സന്ദർശിച്ചു.

നവംബർ 1 ആം തീയതി പരിശുദ്ധന്റെ കബറിടത്തിലെത്തിയപ്പോൾ പദയാത്രികർക്കു ആത്മനിർവൃതിയുടെ അനർഘനിമിഷങ്ങൾ ആയിരുന്നു. പരുമല പള്ളിയിൽ പദയാത്രികരെ സ്വീകരിക്കുവാൻ, അഭിവന്ദ്യ യാക്കോബ് മാർ ഐറേനിയോസ് തിരുമേനി, സഖറിയാസ് മാർ അപ്രേം തിരുമേനി, അല്മായ ട്രസ്റ്റീ ശ്രീ റോണി വർഗീസ്, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, തുടങ്ങിയ പ്രമുഖരുടെ സാന്നിധ്യം സന്തോഷത്തിന്റെ നിമിഷങ്ങൾ സമ്മാനിച്ചു. 6 ദിവസത്തെ യാത്രാ ഒരു പുത്തൻ അനുഭവവും അനുഗ്രഹവും പ്രദാനം ചെയ്യുന്നതായിരുന്നു. വിവിധ ദേവാലയങ്ങളിൽ നിന്നും ഷാർജ പള്ളിയിലെ അംഗങ്ങളും മുൻ അംഗങ്ങളും പദയാത്രയിൽ അണി ചേർന്ന് പദയാത്രസംഘം പരുമലയിൽ എത്തിയപ്പോൾ 120 ഇൽ പരം അംഗങ്ങൾ ഉണ്ടായിരുന്നു.

ഷാർജ ഇടവകയിൽ നിന്നും ശ്രീ. ജിബു കുര്യൻ (കൺവീനർ), ശ്രീ.പ്രസാദ് ഫിലിപ്പ് വർഗീസ് (ജോ.കൺവീനർ), ശ്രീ. അജിൻ കെ.അലക്സ് (ജോ. കൺവീനർ), ശ്രീ. വർഗീസ് ജോൺ കെ. (OCYM യൂണിറ്റ് സെക്രട്ടറി), ശ്രീ. പോത്തൻ കുര്യാക്കോസ്, ശ്രീ. ജോബിൻ വർഗീസ്, ശ്രീ. റ്റിജോ തങ്കച്ചൻ, ശ്രീ. ബോബൻ കുര്യൻ ചാക്കോ, ശ്രീ. റോണി തോമസ്, ശ്രീമതി. ഷിൽബാ ജിബു, ശ്രീമതി. അനിലാ ജോൺ, ശ്രീമതി.മേരി എബ്രഹാം, ശ്രീമതി. ജാൻസി വർഗീസ്, ശ്രീമതി. സാറാ വർഗീസ് എന്നിവർ പദയാത്രയിൽ പൂർണമായി പങ്കെടുത്തു .

പരുമല പദയാത്ര വിശ്വാസത്തിൻറെ തീക്ഷണമായ അനുഭവമാണ്, ഓരോ ഭക്തനും അത് അനുഭവിക്കുമ്പോൾ അതൊരു ആത്മീയ പ്രയാണമായി മാറുന്നു. പദയാത്ര അനുഭവങ്ങളുടെ ആഴം പറഞ്ഞറിയിക്കാൻ വാക്കുകൾ മാത്രം പോരാ; അത് അനുഭവിച്ചവർ മനസ്സിൽ സൂക്ഷിക്കുന്ന ആത്മീയതയാണ്. പദയാത്ര ദൈവത്തോട് അടുക്കുവാൻ മാത്രമല്ല, മനസ്സിനെ പുതുക്കി ശരീരത്തെ വിശ്വാസത്തിനുള്ള ഉപകരണമാക്കാനുള്ള വിശുദ്ധ വഴികൂടിയാണ്. പരിശുദ്ധ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സ്മരണയ്ക്കായി നടത്തുന്ന ഈ തീർത്ഥയാത്ര വരും വർഷങ്ങളിൽ മുടങ്ങാതെ തുടരട്ടെ എന്ന് ആ പുണ്യ പിതാവിന്റെ മധ്യസ്ഥതയിൽ ശരണപെട്ടുകൊണ്ടു പ്രത്യാശിക്കുന്നു.

സ്നേഹപൂർവ്വം
പ്രസാദ് ഫിലിപ്പ് വർഗീസ് (ജോ . കൺവീനർ )











ORTHODOX CHRISTIAN
YOUTH MOVEMENT, UAE - ZONE
WORSHIP - STUDY - SERVICE
St. Gregorios Orthodox Church, OCYM Sharjah
30ാം യുവജനപ്രസ്ഥാനം
യുഎഇ മേഖല
വാർഷിക സമ്മേളനം
മാർത്തോമ്മൻ
പൈതൃക
സംഗമം
2024
2
DEC
ST.GREGORIOS
ORTHODOX CHURCH
SHARJAH
REV.FR.SHIJI KOSHY
(OCYM VICE PRESIDENT)
MR. RONNY VARGHESE
(LAY TRUSTEE)
MR. ADV. BIJU OOMMEN
(SECRETARY, MALANKARA
SYRIAN CHRISTIAN ASSOCIATION)
മലങ്കര നസ്രാണികളുടെ യുഎഇയിലെ സംഗമം മരുഭൂമിയിലെ പരുമലയിൽ
ഏവരെയും സ്വാഗതം ചെയ്യുന്നു...
ST. GREGORIOS ORTHODOX CHURCH - P. O. BOX 2229, SHARJAH, U.A.E.
Tel. (06) 5669622 (Office) / 5661765 (Vicar) Website : www.gulfparumala.com, e-mail: gulfparumala@gmail.com